| **Headline:** The new face of stock market | |
|---|---|
| **Source:** Malayala Manorama | **Date:** 21 November 2016 |

# ഓഹരിയുടെ പുതു ചിത്രം

കെ.ശ്രീരേഖ

കണക്കിൽ സംഖ്യകൾ തമ്മിലുള്ള കുട്ടിക്കിഴിക്കലുകൾക്കിടയ്ക്കുള്ള കടമെടുക്കൽ പോലെയാണ് ചിത്ര രാമകൃഷ്ണന്റെ ജീവിതം. സംഗീത ലോകത്തുനിന്നുള്ള കടമെടുപ്പ് സാമ്പത്തിക രംഗത്തു മുതൽക്കൂട്ടായി എന്നു പറയാം ചിത്രയുടെ കാര്യത്തിൽ. സാമ്പത്തിക രംഗത്ത് എത്തിയില്ലായിരുന്നുവെങ്കിൽ ഒരു പക്ഷേ, സംഗീതജ്ഞയായിട്ടായിരിക്കും ചിത്ര അറിയപ്പെടുക. സംഗീതത്തെ അത്രയേറെ ഇഷ്ടപ്പെടുന്ന അവർ, നാഷനൽ സ്റ്റോക് എക്സ്ചേഞ്ചിന്റെ (എൻഎസ്ഇ) ആദ്യ വനിതാ സാരഥിയാണ്. ഇപ്പോൾ വേൾഡ് ഫെഡറേഷൻ ഓഫ് എക്സ്ചേഞ്ചസിന്റെ (ഡബ്ല്യുഎഫ്ഇ) നേതൃനിരയിലും ചിത്രയുണ്ട്. കൊളംബിയയിൽ ചേർന്ന 56മത് ജനറൽ അസംബ്ലിയാണ് ഡബ്ല്യുഎഫ്ഇയുടെ അധ്യക്ഷ ആയി നാഷനൽ സ്റ്റോക് എക്സ്ചേഞ്ച് മാനേജിങ് ഡയറക്ടറും സിഇഒയുമായ ചിത്ര രാമകൃഷ്ണനെ തിരഞ്ഞെടുത്തത്. വിപണി സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന 200 സ്ഥാപനങ്ങളുടെ (എക്സ്ചേഞ്ചുകൾ) കൂട്ടായ്മയാണു ഫെഡറേഷൻ. രണ്ടു വർഷത്തേക്കാണു നിയമനം.

നാഷനൽ സ്റ്റോക് എക്സ്ചേഞ്ച് എന്ന സ്ഥാപനത്തെ വളർത്തിയെടുക്കാനുള്ള സംഘത്തിൽ അംഗമായിരുന്നയാൾ പിന്നീട് ഇരുപത് വർഷങ്ങൾക്കപ്പുറം ആ സ്ഥാപനത്തിന്റെ തലപ്പത്തെത്തിയതാണ് ചിത്ര രാമകൃഷ്ണന്റെ കഥ. ഇന്ത്യയിലെ ഏറ്റവും വലിയ സ്റ്റോക് എക്സ്ചേഞ്ചായ എൻഎസ്ഇ, 2016 മാർച്ചിലെ റിപ്പോർട്ടുകൾ പ്രകാരം, ലോകത്ത് പന്ത്രണ്ടാം സ്ഥാനത്താണ്.

മഹാത്മാഗാന്ധിയെ മാതൃകാപുരുഷനായി കാണുന്ന ചിത്രയുടെ ആഗ്രഹം എക്സ്ചേഞ്ച് ട്രേഡ് ഫണ്ടുകളിലൂടെ മധ്യവിഭാഗത്തിനും സ്റ്റോക് എക്സ്ചേഞ്ച് പ്രാപ്യമാക്കുകയാണ്. 2013 ഏപ്രിലിലാണ് എൻഎസ്ഇ സിഇഒ ആയി ചിത്ര സ്ഥാനമേൽക്കുന്നത്. അച്ഛൻ ചാർട്ടേഡ് അക്കൗണ്ടന്റും മുത്തച്ഛൻ കോസ്റ്റ് അക്കൗണ്ടന്റും ആയിരുന്ന ചെന്നൈയിലെ അക്കൗണ്ടന്റ് കുടുംബത്തിൽ 1963ലാണ് ചിത്രയുടെ ജനനം. സ്കൂൾ പഠനത്തിനു ശേഷം മുംബൈയിലെത്തി. ബിരുദ പഠനത്തിനു ശേഷം സിഎയും നേടി. കർണാടക സംഗീതത്തെ ഒരുപാട് ഇഷ്ടപ്പെടുന്ന ചിത്ര തിരക്കിനിടയിലും കച്ചേരികൾ ആസ്വദിക്കാനുള്ള അവസരം ഒഴിവാക്കാറില്ല. സാമ്പത്തിക രംഗത്തെ തലപെരുപ്പിക്കുന്ന കണക്കുകൾക്കിടയിലെ മറ്റൊരു ആശ്വാസം വീണ വായനയാണ്.



ചിത്ര രാമകൃഷ്ണൻ

കൊമേഴ്സ് ബിരുദം നേടിയ ശേഷം 1985ൽ ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് ബാങ്ക് ഓഫ് ഇന്ത്യ (ഐഡിബിഐ) യിൽ ജോലി ആരംഭിച്ചു. അവിടെ ജോലി ചെയ്യവേ ഡപ്യൂട്ടേഷനിൽ ഓഹരി വിപണി നിയന്ത്രണ ഏജൻസി (സെബി) യുടെ രൂപീകരണത്തിനുള്ള സംഘത്തിലെത്തി. രണ്ടു വർഷത്തിനു ശേഷം 1990ൽ വീണ്ടും ഐഡിബിഐയിൽ ട്രഷറി ഡെസ്കിൽ ജോലി ചെയ്യുമ്പോഴാണ് എൻഎസ്ഇയുടെ ഭാഗമാകാൻ വിളി വരുന്നത്. 1992ൽ എൻഎസ്ഇയെ വളർത്തിയെടുക്കാനായി നിയോഗിക്കപ്പെട്ട 20 അംഗസംഘത്തിലെ ഒരാളായി മാറി ചിത്ര. ഐഡിബിഐയിലെ പ്രവർത്തനവും സെബിയുടെ രൂപീകരണത്തിനു പിന്നിലെ പ്രവർത്തനങ്ങളുമാണ് അവരെ എൻഎസ്ഇയിൽ എത്തിക്കുന്നത്.

എൻഎസ്ഇയുടെ സാരഥ്യം ഏറ്റെടുക്കുമ്പോൾ ലോകത്തിലെ സ്റ്റോക് എക്സ്ചേഞ്ചുകൾ നയിക്കുന്ന ചുരുക്കം ചില വനിതകളിൽ ഒരാൾ കൂടിയായിരുന്നു ചിത്ര. ലിസ്റ്റ് ചെയ്ത കമ്പനികളുടെ വിപണിമൂല്യം കണക്കാക്കിയാൽ മുൻനിരയിലുള്ള 20 എണ്ണത്തിൽ രണ്ടെണ്ണത്തിൽ മാത്രമേ അന്നു വനിതാ നേതൃത്വം ഉണ്ടായിരുന്നുള്ളൂ. ദക്ഷിണാഫ്രിക്കയിലെ ജോഹാനസ്ബർഗ് സ്റ്റോക് എക്സ്ചേഞ്ചിലും ചൈനയിലെ ഷെൻസെൻ സ്റ്റോക് എക്സ്ചേഞ്ചിലും. ഏഷ്യ-പസഫിക് മേഖലയിൽ ചൈനയ്ക്കു പുറമെ ശ്രീലങ്കയിലെ കൊളംബോ സ്റ്റോക് എക്സ്ചേഞ്ചിൽ മാത്രമായിരുന്നു വനിത മേധാവി ഉണ്ടായിരുന്നത്. പക്ഷേ, കൊളംബോ ആദ്യ ഇരുപതിൽ ഉൾപ്പെട്ടിരുന്നില്ല.

2013ൽ ഫോബ്സ് മാഗസിൻ ചിത്രയെ വുമൺ ലീഡർ ഓഫ് ദി ഇയർ ആയി തിരഞ്ഞെടുത്തു. ഫോർച്യൂൺ മാഗസിൻ പ്രസിദ്ധീകരിച്ച ലോകത്തിലെ ബിസിനസ് രംഗത്തെ വനിതാപ്രമുഖരുടെ പട്ടികയിൽ 17മത് സ്ഥാനവും ഇന്ത്യക്കാരിൽ രണ്ടാം സ്ഥാനവും ചിത്രയ്ക്കായിരുന്നു.

വേൾഡ് ഫെഡറേഷൻ ഓഫ് എക്സ്ചേഞ്ചസിന്റെ സിഇഒയും വനിതയാണെന്ന പ്രത്യേകത കൂടിയുണ്ട്. ലണ്ടനിൽ നിന്നുള്ള നന്ദിനി സുകുമാർ 2015ലാണ് ഡബ്ല്യുഎഫ്ഇയുടെ സിഇഒ ആയി ചുമതലയേൽക്കുന്നത്. ഫിനാൻഷ്യൽ ജേണലിസ്റ്റായിരുന്ന നന്ദിനി, ബ്ലൂംബർഗ് ന്യൂസിലെ 14 വർഷത്തെ പ്രവൃത്തിപരിചയവുമായാണ് ഡബ്ല്യുഎഫ്ഇയിലെത്തിയത്.